©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 ജൂലൈ 18<br>18th July 2024<br>1199 കർക്കടകം 3<br>3rd Karkadakam 1199<br>1946 ആഷാഢം 27<br>27th Ashadha 1946 | നമ്പർ<br>No. 2328 |

കേരള സർക്കാർ

**റവന്യൂ (പി) വകുപ്പ്**

വിജ്ഞാപനം

സ.ഉ (അച്ചടി) നം.154/2024/RD 06/07/2024

തിരുവനന്തപുരം

**എസ്. ആർ. ഒ. നമ്പർ 619/2024**

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട്, 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743--ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1255/2008

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി, കേരള സർക്കാർ, ഇതിനാൽ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് : -

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2024-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം 5 - ൽ "പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സംബന്ധിച്ച് " എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
ടിങ്കു ബിസ്വാൾ,
പ്രിൻസിപ്പൽ സെക്രട്ടറി.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 4-ാം ചട്ടം (4 ഡി) ഉപചട്ടത്തിലെ വ്യവസ്ഥ പ്രകാരമുള്ള ഫാറം 5-ൽ നല്കുന്ന അപേക്ഷയോടൊപ്പം പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് ആവശ്യമാണെന്ന് ഫാറത്തിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ, (4 ഡി) ഉപചട്ടത്തിൽ വ്യക്തമാക്കിയ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ റവന്യൂ ഡിവിഷണൽ ആഫീസർ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കേണ്ടതാണെന്ന് മാത്രമാണ് ഉപചട്ടം (4 ഇ)- ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഫാറം 5-ലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷയോടൊപ്പം പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് ആവശ്യമാണെന്ന് നിയമത്തിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ളതല്ല എന്നതിനാൽ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ കൃഷി ആഫീസർ റിപ്പോർട്ട് നല്കിയാൽ മതിയാകുന്നതാണെന്നും അപ്രകാരം ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.18 07:21:30 +05:30